Reg. No. : ....................................

Name : ..........................................

**FY-17**

**FIRST YEAR HIGHER SECONDARY EXAMINATION, JUNE 2022**

Part – III

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

**മലയാളം**
**(ഐച്ഛികം)**
**MALAYALAM**
**(Optional)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.** **(5 × 2 = 10)**

1. 'ചീവീടിന്റെ ശബ്ദം പോലും എനിക്കൊരു സ്മരണ മാത്രമായി' – ഈ വാക്യംകൊണ്ട് തകഴി സൂചിപ്പിക്കുന്നതെന്തൊക്കെ ?

   (A) തന്റെ നാടിന്റെ സൗന്ദര്യം നഷ്ടപ്പെട്ടു

   (B) തന്റെ കേൾവിശക്തി നഷ്ടപ്പെട്ടു

   (C) തന്റെ ഓർമ്മ നഷ്ടപ്പെട്ടു

   (D) തന്റെ നാടിന്റെ ശാന്തി നഷ്ടപ്പെട്ടു

2. 'അതിന്റെ വരുംവരായ്മകളിലെ കയറ്റിറക്കങ്ങളെക്കുറിച്ചാവുമോ എനിക്കറിയാത്ത എന്റെ മാതൃഭാഷയിൽ അവരിരുവരും മിണ്ടിപ്പറയുന്നതും ചിരിക്കുന്നതും' – അടിവരയിട്ട പദങ്ങൾ കൊണ്ട് യു.എ. ഖാദർ ഉദ്ദേശിക്കുന്നതെന്ത് ?

(A) ഇംഗ്ലീഷ് മീഡിയത്തിലാണ് പഠിച്ചത്

(B) ജനിച്ച നാട്ടിലല്ല വളർന്നത്

(C) മാതൃഭാഷപിന്നീട് ഉപയോഗിക്കേണ്ടിവന്നില്ല.

(D) തന്റെ മാതൃഭാഷ ഏതാണെന്ന് നിശ്ചയമില്ല.

3. 'അയാളുടെ കൈവിരലുകൾക്ക് ബീഭത്സമായ ഒരാകർഷണമുണ്ടെന്ന് അവൾക്കു തോന്നി' – ഈ വാക്യംകൊണ്ടർത്ഥമാക്കുന്നതെന്തൊക്കെ ?

(A) വിരലുകളിൽ കാന്തമുണ്ട്

(B) വിരലുകൾ ഭയപ്പെടുത്തുന്നതാണ്

(C) വിരലുകൾ അവളെ അറിയാതെ വലിച്ചടുപ്പിക്കുന്നു

(D) വിരലുകളെ അവൾ വെറുത്തു.

4. അമേരിക്ക എന്ന കഥയ്ക്ക് ചേരാത്ത നിരീക്ഷണങ്ങളേവ ?

(A) കേരളീയ സംസ്കാരത്തെ പരിഹസിക്കുന്നു.

(B) അമേരിക്കയുടെ മഹത്വം ഉയർത്തിപ്പിടിക്കുന്നു.

(C) വൈദേശിക സംസ്കാരത്തിന്റെ കടന്നുവരവിൽ പ്രതിഷേധിക്കുന്നു.

(D) കോളനിവൽക്കരണത്തെ വിമർശിക്കുന്നു.

5. തുലഞ്ഞുതൂങ്ങി കാൺമിലേയീ –
ച്ചരൽപ്പറമ്പിൻ പാർശ്വത്തിൽ
നിങ്ങൾക്കുള്ള ബലിക്കല്ലിൻപടി
ചെമ്മുകിലിഴുകിയ പകലോനെ

- ഈ വരികളുമായി ചേർന്നുവരാത്ത ആശയങ്ങളെന്തൊക്കെ ?

(A) സൂര്യനെ അറുത്തതലയായി സങ്കൽപിക്കുന്നു.

(B) സൂര്യോദയം വർണിക്കുന്നു.

(C) ആടുകളെ ബലികൊടുക്കാൻ പോവുകയാണ്.

(D) മേഘങ്ങൾ സൂര്യനെ ആശ്വസിപ്പിക്കുകയാണ്.

6. 'അമ്മയെ കളിപ്പിക്കുമ്പോൾ' എന്ന കവിതയ്ക്ക് ചേരാത്ത രണ്ടു പ്രസ്താവനകൾ ഏവ ?

(A) വാർധക്യം രണ്ടാംബാല്യമാണ്

(B) വാർധക്യം ശാപമാണ്

(C) വാർധക്യം ബാധിച്ചവർ മക്കളെ കുളിപ്പിക്കണം

(D) സ്നേഹംകൊണ്ട് വാർധക്യത്തെ സന്തോഷകരമാക്കാം.

7. മേസ്തിരി മരിച്ചിട്ടും ഓർമയിൽ ബാക്കിയായതെന്തൊക്കെ ?

(A) ഓടക്കുഴൽ

(B) തൊഴുത്തിന്റെ തിണ്ണ

(C) കപ്പളത്തിന്റെ കൈ

(D) വാഴപ്പഴം തിന്നുന്ന കിളി

8. എഴുതിപ്പഠിച്ചതല്ല കേട്ടുപഠിച്ചതല്ല

കല്ലിടുമ്പില് വെള്ളംപോലെ

പൊന്തണ് പാട്ട്

– നാടൻപാട്ടുകളുടെ എന്തൊക്കെ സവിശേഷതകളാണ് ഇതിൽ സൂചിതമാകുന്നത് ?

(A) നാടൻപാട്ടുകളിൽ വെള്ളം പ്രധാനവിഷയമാണ്.

(B) ഓരോ നാടൻപാട്ടിനും ഓരോ രചയിതാവുണ്ട്.

(C) ഉള്ളിൽ നിന്ന് അറിയാതെ രൂപം കൊള്ളുന്നതാണ്.

(D) സ്വാഭാവികമായി പഠിച്ചുപോകുന്നതാണ്.

**9 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം. (6 × 4 = 24)**

9. 'ഓരോ കാലത്തായി മണ്ണടിഞ്ഞവരുടെ ജീവിതചര്യയും വേദാന്തവുമല്ല പിന്നീട് വന്ന തലമുറയിൽ കണ്ടത് ' – പുതിയ തലമുറയ്ക്ക് എന്തൊക്കെ മാറ്റം വന്നുവെന്നാണ് തകഴി പറയുന്നത് ?

10. 'മാതൃസന്നിധാനത്തിൽ' എന്ന തലക്കെട്ട് യു.എ. ഖാദറുടെ ആത്മകഥാപരമായ പാഠഭാഗത്തിന് എത്രമാത്രം യോജിച്ചിരിക്കുന്നു എന്ന് പരിശോധിക്കുക.

11. 'സ്വഭാവമിത്ര നല്ലതാണെന്ന് ഞാനറിഞ്ഞിരുന്നില്ല' – കുഞ്ഞിക്കാവമ്മയെക്കുറിച്ച് കുഞ്ചുവമ്മാവൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

12. 'ഇന്ന് ഒരു കേക്ക് കൊടുത്താൽ നാളെ ഗോപുരത്തിൽ നിന്ന് ചാടാമെന്ന് അഞ്ചര വയസ്സുള്ള കുട്ടി സമ്മതിക്കും. കാരണം റൂസോ പറഞ്ഞതുപോലെ നാളെ എന്താണെന്ന് അവനറിഞ്ഞുകൂട' – ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ ഫോട്ടോ എന്ന കഥയിലെ കുട്ടികളുടെ പ്രവൃത്തികളെ വിശകലനം ചെയ്യുക.

13. മലയാളാക്ഷരമാലയിൽ സ്വരങ്ങൾക്കുള്ള പ്രാധാന്യമെന്തെന്ന് വ്യക്തമാക്കുക.

14. നാടകീയതയിലൂടെ ഒരാശയത്തെ എങ്ങനെ മികച്ച കവിതയാക്കി മാറ്റാം എന്നതിന് ഉദാഹരണമാണ് 'മുഖമെവിടെ' എന്ന രചന – വിശദമാക്കുക.

15. നാട്ടറിവ് വിമോചനത്തിനുള്ള വഴിയായിത്തീരുന്നതെങ്ങനെയാണ് ? ഇ.പി. രാജഗോപാലന്റെ ലേഖനത്തിലെ ആശയങ്ങൾ കൂടി പ്രയോജനപ്പെടുത്തി നിങ്ങളുടെ നിരീക്ഷണങ്ങളെഴുതുക.

16. നായകന്റെ സ്ഥാനത്ത് പ്രതിനായകനെ പ്രതിഷ്ഠിക്കുന്ന പ്രവണത കഥകളിക്ക് പുറമെ മറ്റെന്തിലൊക്കെ കാണാൻ കഴിയും.

**17 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം.** **(5 × 6 = 30)**

17. ഒരേസമയം ആത്മകഥയായും യാത്രാവിവരണമായും വായിച്ചെടുക്കാൻ കഴിയുന്നതാണ് 'മാതൃസന്നിധാനത്തിൽ' എന്ന പാഠഭാഗം – വിശദമാക്കുക.

18. 'സ്മൃതിപഥം' എന്ന പാഠഭാഗത്തെ മുൻനിർത്തി ഓർമ്മ എന്ന പ്രതിഭാസത്തെക്കുറിച്ച് കുറിപ്പെഴുതുക ?

19. അമേരിക്കപോലുള്ള രാജ്യങ്ങളെ ആരാധനയോടെ നോക്കുന്നവർക്കുള്ള പ്രഹരമാണ് അമേരിക്ക എന്ന കഥ – ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിശദമാക്കുക.

20. 'മോതിരം' എന്ന കഥയിലെ കുഞ്ചുവമ്മാവനെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയാറാക്കുക ?

21. 'നടപ്പുസംഭാഷണഭാഷയുടെ പ്രശ്നങ്ങളെ പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന മറ്റൊന്ന് പ്രാദേശികത്തനിമകളാകെ കൈവിട്ടുപോകുന്നു എന്നതാണ്. എഴുത്തുഭാഷ വന്നുകയറിയിട്ട്, ഇംഗ്ലീഷ് കടന്നുകയറിയിട്ട് നമ്മുടെ നാട്ടു തനിമകൾ കൈയൊഴിഞ്ഞു പോകുന്നുവെന്നാണ് പരാതി' – ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിശദമാക്കുക.

22. ഉപന്യാസമെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഒരു കുറിപ്പെഴുതുക ?

23. ഒരു നവമായ വിഷാദം മായ്കെ –

യുണർന്നൂ പഴയൊരു ഹർഷം, കവിയുടെ –

യാഴം കാണാത്തിരുളുകളിൽ –

– വിഷാദം മാഞ്ഞ് ആഹ്ലാദമുണരുന്ന ഓണക്കാലത്തിന്റെ എന്തൊക്കെ ചിത്രങ്ങളാണ് 'പാവം മാനവഹൃദയം' എന്ന കവിതയിൽ തെളിയുന്നത് ?

24. ജനങ്ങളാണ് പരമാധികാരികൾ എന്ന് പ്രഖ്യാപിക്കുകയും എല്ലാ അധികാരങ്ങളും കവർന്നെടുക്കുകയും ചെയ്യുന്ന ഏകാധിപതികളുടെ ചിത്രമാണോ 'കോഴിപ്പങ്ക് ' എന്ന കവിതയിലുള്ളത് ? വിശദമാക്കുക ?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം.** **(2 × 8 = 16)**

25. പഴയകാലത്തെ കുട്ടനാട്ടിലെ കാർഷിക മേഖലയെക്കുറിച്ചുള്ള എന്തൊക്കെ കാര്യങ്ങൾ 'പറിച്ചുനടീൽ' എന്ന പാഠഭാഗത്തുനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു ? വിശദമാക്കുക ?

26. 'ഒരൊറ്റ സ്ത്രീയെയും അവൾ അവിടെയെങ്ങും കണ്ടില്ല'. 'വിയർപ്പിൽ മുങ്ങിക്കൊണ്ടു നിൽക്കുന്ന ഈ ആണുങ്ങൾക്കിടയിൽ താനെന്തിനു വന്നെത്തി' – പുരുഷാധിപത്യ ലോകത്തിൽ ഒറ്റപ്പെട്ട് ഒടുങ്ങിപ്പോകുന്ന സ്ത്രീജീവിതത്തിന്റെ കഥയാണോ 'പക്ഷിയുടെ മണം' ? വിശകലനം ചെയ്ത് കുറിപ്പെഴുതുക ?

27. 'ഞാൻ നുണയുന്നു നിൻ ദയയെപ്പണ്ടമ്മിഞ്ഞപ്പാലതുപോലെ'

– ലോകത്തെ മുഴുവൻ ദയയാകുന്ന മുലപ്പാലൂട്ടുന്ന അമ്മയുടെ സ്ഥാനമാണോ ചരിത്രത്തിൽ ബുദ്ധനുള്ളത് ? 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയെ മുൻനിർത്തി നിങ്ങളുടെ നിരീക്ഷണങ്ങളെഴുതുക ?